**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 391** **29-01-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ എക്സൈസ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി എക്സൈസ് സർക്കിൾ ഓഫീസ്, ഗുരുവായൂർ റേഞ്ച് ഓഫീസ്, ചൂണ്ടലിലെ കുന്നംകുളം റേഞ്ച് ഓഫീസ് എന്നീ സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത കെട്ടിടങ്ങൾ ഒഴിഞ്ഞ് കൊടുക്കുന്നതിനായി കെട്ടിട ഉടമകൾ ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെടുകയുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഗുരുവായൂരിൽ സ്ഥിതി ചെയ്യുന്ന ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഇരിങ്ങപ്രം വില്ലേജിലെ സർവ്വേ നമ്പർ 95.10 ൽ ഉൾപ്പെട്ട 0.0592 ഹെക്ടർ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കുന്നംകുളം എക്സൈസ് റേഞ്ച് ഓഫീസിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും, വാടാനപ്പള്ളി സർക്കിൾ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ